മലയാള മനോരമ

27 November 2024

# ഫിഷറീസ് സബ്സിഡി: വികസ്വര രാജ്യങ്ങളുടെ സാഹചര്യം പരിഗണിക്കണമെന്ന് ആവശ്യം

മനോരമ ലേഖകൻ

കൊച്ചി● ഫിഷറീസ് സബ്സിഡി നിർത്തലാക്കാനുള്ള ലോക വ്യാപാര സംഘടനയുടെ കരാർ വ്യവസ്ഥ നടപ്പാക്കുംമുൻപ് ഇന്ത്യ ഉൾപ്പെടെ വികസ്വര രാജ്യങ്ങളിലെ സാഹചര്യം പ്രത്യേകം പരിഗണിക്കണമെന്നു പാനൽ ചർച്ചയിൽ വിദഗ്ധർ അഭിപ്രായപ്പെട്ടു. ചെറുകിട മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിന് ഊന്നൽ നൽകണമെന്നും നിർദേശിച്ചു.

സിഎംഎഫ്ആർഐ, സമുദ്രോൽപന്ന കയറ്റുമതി വികസന അതോറിറ്റി എന്നിവരുമായി സഹകരിച്ച് ബേ ഓഫ് ബംഗാൾ പ്രോഗ്രാം-ഇന്റർ ഗവൺമെന്റൽ ഓർഗനൈസേഷനാണു ചർച്ച സംഘടിപ്പിച്ചത്. കരാറിലെ ചില നിർവചനങ്ങളും വ്യവസ്ഥകളും ആശങ്കാജനകമാണെന്നു വിദഗ്ധർ വിലയിരുത്തി.

ബിഒബിപി ഡയറക്ടർ ഡോ. പി. കൃഷ്ണൻ ചർച്ച നിയന്ത്രിച്ചു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, ലോക ഭക്ഷ്യ കാർഷിക സംഘടനയെ പ്രതിനിധീകരിച്ച സാമ്പത്തിക വിദഗ്ധ പിനർ കർക്കയ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറിൻ ട്രേഡിലെ സെന്റർ ഫോർ ട്രേഡ് ആൻഡ് ഇൻവെസ്റ്റ്മെന്റ് ലോ മേധാവി പ്രഫ. ജെയിംസ് നെടുമ്പറ, എംപിഇഡിഎ ഡയറക്ടർ ഡോ. എം. കാർത്തികേയൻ, തമിഴ്നാട് നാഷനൽ ലോ യൂണിവേഴ്സിറ്റിയിലെ ഡോ. എസ്. അമുതലിംഗം, നളന്ദ സർവകലാശാലയിലെ ഡീൻ ഡോ. കിഷോർ ധവാല, മുംബൈയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് എജ്യുക്കേഷനിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. പി. എസ്. അനന്തൻ, സെന്റർ ഫോർ ട്രേഡ് ആൻഡ് ഇൻവെസ്റ്റ്മെന്റ് ലോയിലെ ലീഗൽ കൺസൽട്ടന്റ് സുനന്ദ തിവാരി എന്നിവർ പ്രസംഗിച്ചു.




മത്സ്യമേഖലയിൽ സബ്സിഡി നിർത്തലാക്കുന്ന ലോക വ്യാപാര സംഘടനയുടെ (ഡബ്ല്യുടിഒ) കരാറുമായി ബന്ധപ്പെട്ട് കൊച്ചിയിൽ നടന്ന പാനൽ ചർച്ചയിൽ സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് സംസാരിക്കുന്നു. ഡോ. പി. കൃഷ്ണൻ, ഡോ. എം. കാർത്തികേയൻ, പ്രഫ. ജയിംസ് നെടുമ്പറ എന്നിവർ സമീപം.